**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **11-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാന ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാട്ടാന ആക്രമണം വർധിച്ചു വരുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് കാട്ടാന മൂലമുള്ള അപകടമരണം കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. പ്രസ്തുത കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.<br><br>എന്നിരുന്നാലും ഇത്തരം നിർഭാഗ്യകരമായ മരണങ്ങൾ സർക്കാർ ഗൗരവമായി കാണുകയും ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (ബി) | നിലമ്പൂർ മുത്തേടത്ത് കാട്ടാന ആക്രമണത്തിൽ സരോജിനി എന്ന സ്ത്രീയും, കുരുളായിയിൽ മണി എന്ന ആദിവാസി യുവാവും, കോതമംഗലത്ത് ക്ണാച്ചേരി സ്വദേശി കൊടിയാട്ട് എൽദോസും, ആൻമേരിയും അടക്കം നിരവധി പേർ കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ മരിച്ച സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് കാട്ടാന മൂലമുള്ള അപകടമരണം കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. പ്രസ്തുത കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.<br><br>എന്നിരുന്നാലും ഇത്തരം നിർഭാഗ്യകരമായ മരണങ്ങൾ സർക്കാർ ഗൗരവമായി കാണുകയും ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | സംസ്ഥാനത്ത് കാട്ടാന ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ജനവാസ മേഖലകളിൽ കാട്ടാനയിറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, സോളാർ ഹാങ്ങിംഗ് ഫെൻസിംഗ്, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിൽ തുടങ്ങിയവ സ്ഥാപിക്കുകയും അവയുടെ പരിപാലന പ്രവർത്തനങ്ങളും ചെയ്തുവരുന്നു. പ്രശ്നമേഖലകളിൽ ഫ്ലിക്കറിംഗ് ലൈറ്റുകൾ സ്ഥാപിക്കുന്നുണ്ട്. ദ്രുത കർമ്മസേനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരം ജീവനക്കാർക്ക് പുറമേ താൽക്കാലിക വാച്ചർമാരേയും നിയോഗിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി തദ്ദേശവാസികളും ജനപ്രതിനിധികളും വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരും ചേർന്ന് ജനജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷമുള്ളതും വനത്താൽ ചുറ്റപ്പെട്ടതുമായ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങളെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം സന്നദ്ധ പുനഃരധിവാസത്തിന്റെ ഭാഗമായി മാറ്റിപ്പാർപ്പിച്ചുവരുന്നു. കാട്ടാനകൾ സ്ഥിരമായി ഇറങ്ങുന്ന മേഖലകളിൽ വനസംരക്ഷണ ജീവനക്കാർ രാത്രികാല പട്രോളിംഗ് നടത്താറുള്ളതും കൂടാതെ കാട്ടാന സാന്നിദ്ധ്യം സ്ഥിരീകരിച്ചാൽ വിവരം നാട്ടുകാരെ അറിയിക്കുകയും അതുമൂലം അപകടം പരമാവധി ഒഴിവാക്കുകയും ചെയ്തുവരുന്നു. ജനവാസമേഖലകളിൽ ഇറങ്ങുന്ന ആനകളെ തിരികെ വനത്തിലേക്ക് അയയ്ക്കുന്നതിന് RRT കളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. SMS അലർട്ട് സിസ്റ്റം, തദ്ദേശിയരായ ജനങ്ങളെ ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പ് വാണിംഗ് സിസ്റ്റം എന്നിവയും ഏർപ്പെടുത്തിയിട്ടുള്ളതാണ്. കാട്ടാനയടക്കമുള്ള വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നത് കുറയ്ക്കുവാനായി വനത്തിനകത്ത് തീറ്റയും വെള്ളവും ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | കാട്ടാന മൂലമുള്ള അപകടങ്ങളിൽ മരണപ്പെട്ടിട്ടുള്ളവർ |
|---|---|
| 2021-22 | 35 |
| 2022-23 | 27 |
| 2023-24 | 22 |
| 2024-25 (*31/01/2025 വരെ) | 12 |

**അനുബന്ധം**

| വർഷം | കാട്ടാന മൂലമുള്ള അപകടങ്ങളിൽ മരണപ്പെട്ടിട്ടുള്ളവർ |
|---|---|
| 2021-22 | 35 |
| 2022-23 | 27 |
| 2023-24 | 22 |
| 2024-25 (*31/01/2025 വരെ) | 12 |